## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2051 04.11.2019-ൽ മറുപടിക്കുണ്ടായിരുന്നത്

### കൃഷ്ണപിള്ള സ്മാരകം തീയിട്ട സംഭവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ടി. തോമസ് | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ആലപ്പുഴയിലെ കൃഷ്ണപിള്ള സ്മാരകം തീയിട്ട സംഭവത്തിൽ നടക്കുന്ന പോലീസ് അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ; | (എ) | കേസിന്റെ അന്വേഷണം പൂർത്തിയാക്കി 28/04/2016 തീയതിയിൽ ബഹു.ആലപ്പുഴ JFMC-I ൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും നിലവിൽ പ്രസ്തുത കേസ് SC 693/2016 പ്രകാരം ബഹു.ആലപ്പുഴ സെഷൻസ് കോടതിയിൽ വിചാരണയിലുമാണ്. |
| (ബി) | പ്രസ്തുത കേസ്സിലെ പ്രതികൾ ആരെല്ലാമെന്നും ഇവർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടവരാണോയെന്നും കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പ്രസ്തുത കേസിലേയ്ക്ക് അറസ്റ്റ് ചെയ്തത് ലതീഷ്.ബി.ചന്ദ്രൻ, പി.സാബു, ദീപുമോൻ, രാജേഷ്, പ്രമോദ് എന്നീ പ്രതികളെയാണ്. ഇവർ രാഷ്ട്രീയ പാർട്ടിയുടെ മുൻപ്രവർത്തകരാണെന്നാണ് പോലീസ് കണ്ടെത്തിയിട്ടുള്ളത്. |
| (സി) | ഈ സ്മാരകം തീയിടുവാനുണ്ടായ കാരണം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | അക്കാലത്ത് പ്രദേശത്ത് നിലനിന്നിരുന്ന ചില അഭിപ്രായ വ്യത്യാസമാണ് ഇതിലേയ്ക്ക് നയിച്ചതെന്നാണ് പോലീസ് അന്വേഷണത്തിൽ വെളിവായിട്ടുള്ളത്. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട കേസ്സിന്റെ നമ്പരും മറ്റു വിശദാംശങ്ങളും ലഭ്യമാക്കാമോ? | (ഡി) | നിലവിൽ പ്രസ്തുത കേസ് നം.SC 693/16 പ്രകാരം ബഹു.ആലപ്പുഴ സെഷൻസ് കോടതിയിൽ വിചാരണ നടന്നു വരികയുമാണ്. |

സെക്ഷൻ ഓഫീസർ